പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1873 — 04.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി ബസ്സുകളുടെ അറ്റകുറ്റപ്പണികൾ


ചോദ്യം — ശ്രീ. പി.കെ.അബ്ദു റബ്ബ്

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി./ കെ.യു. ആർ.ടി.സി. യുടെയും എത്ര എ/സി, നോൺ എ/സി ബസ്സുകൾ ബസ്സ് സ്റ്റേഷൻ പരിസരം, ഡിപ്പോകൾ, ഗ്യാരേജുകൾ അതുമല്ലെങ്കിൽ മറ്റെവിടെയങ്കിലും അറ്റകുറ്റപ്പണിക്കായോ അല്ലാതെയോ ഒതുക്കി ഇട്ടിരിക്കുന്നു; വിശദ വിവരങ്ങളോടെ പട്ടികതിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; | (എ) | 27-11-2018-ൽ കെ.എസ്.ആർ.ടി.സി.യുടേയും കെ.യു.ആർ.ടി.സി.യുടേയും എ.സി.-47, നോൺ എ.സി.-766, ബസുകൾ ഡോക്കിലാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരം ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാം; | (ബി) | സാമ്പത്തിക പരാധീനത മൂലം ടയർ, സ്പെയർ പാർട്സുകൾ എന്നിവ യഥാസമയം ലഭ്യമാക്കാൻ സാധിക്കാത്തത് മൂലമാണ് കാലതാമസം ഉണ്ടാകുന്നത്. |
| (സി) | ഇത്തരം ബസ്സുകൾ അടിയന്തരമായി അറ്റകുറ്റപ്പണി തീർത്ത് സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എത്ര ബസ്സുകൾ | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി.യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ടയർ, സ്പെയർ പാർട്സുകൾ എന്നിവ യഥാസമയം ലഭ്യമാക്കാൻ കഴിയാത്തതിനാലാണ് ബസുകൾ അറ്റകുറ്റപണികൾക്കായി ഒതുക്കിയിടേണ്ടി വരുന്നത്. ആവശ്യമായ തുക ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | അറ്റകുറ്റപ്പണികൾ തീർത്ത് എന്നത്തേയ്ക്ക് നിരത്തിലോടിക്കാനാകുമെന്ന് അറിയിക്കുമോ; | | മുറയ്ക്ക് ബസ്സുകൾ അറ്റകുറ്റപണികൾ തീർത്ത് സർവ്വീസ് സജ്ജമാക്കാൻ കഴിയുന്നതാണ്. എന്നാൽ, സർവ്വീസുകളെ കാര്യമായി ബാധിക്കാതിരിക്കുന്നതിന് ബസുകൾ നിരത്തിലിറക്കാൻ കടുത്ത സാമ്പത്തിക പരാധീനതയിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഏറ്റവുമധികം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്ന തലസ്ഥാന നഗരിയിൽ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തുന്നത് സ്വകാര്യ ബസ്സുകൾക്ക് അമിതലാഭം കൊയ്യുന്നതിന് അവസരമൊരുക്കുമെന്നത് ഗൗരവമായി കാണുമോ; വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**<u>അറ്റകുറ്റപണികൾക്കായി ഒതുക്കിയിട്ടിരിക്കുന്ന ബസുകളുടെ പട്ടിക തിരിച്ചുള്ള വിവരം</u>**

| | | |
|---|---|---|
| 1 | സിഎഫ് റിപ്പയർ | 216 |
| 2 | എഞ്ചിൻ പണികൾക്കായി | 126 |
| 3 | ടയറിനുവേണ്ടി | 108 |
| 4 | ആക്സിഡന്റ് റിപ്പയറിനുവേണ്ടി | 31 |
| 5 | ഗിയർ ബോക്സ് & ക്ലച്ച് | 66 |
| 6 | പമ്പ് & അറ്റോമൈസർ | 61 |
| 7 | ഫ്രണ്ട് & റിയർ ആക്സിൽ | 52 |
| 8 | ഇലക്ട്രിക്കൽ സാധനങ്ങൾക്കായി | 53 |
| 9 | ബ്രേക്ക് സിസ്റ്റം | 49 |
| 10 | മറ്റുള്ളവ | 51 |
| | **ആകെ** | 813 |

സെക്ഷൻ ഓഫീസർ